(ബി) ഈ ഭൂമി വീണ്ടെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു രീതിയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ, കൊച്ചിൻ, ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ദേവസ്വങ്ങളിലെ അന്യാധീനപ്പെട്ട വസ്തുക്കൾ എത്രയെന്ന് അളന്ന് തിരിച്ചു തിട്ടപ്പെടുത്തി വരുന്നതെയുള്ളുവെന്ന് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.

ഹിന്ദു മത ധർമ്മ സ്ഥാപന (ഭരണ വകുപ്പിന്റെ അധികാര പരിധിയിൽപ്പെട്ട മലബാറിലെ ക്ഷേത്രങ്ങളിലെ 7585,1924 ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ബി & സി) അന്യാധീനപ്പെട്ട ഭൂമികൾ തിരികെ ലഭിക്കുന്നത് സംബന്ധിച്ച് സിവിൽ കേസ്സ്, ലാന്റ് ട്രെബ്യൂണൽ റവന്യൂ അതോറിറ്റി എന്നിവ മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നതായി തിരുവിതാംകൂർ കൊച്ചി ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുണ്ട്.

അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി വീണ്ടെടുക്കുവാൻ നിയമനടപടി സ്വീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറും അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രഭൂമിയുടെ വാർഷികാദായം

72 (1126) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട് ;

(ബി) ഇവയുടെ ഭൂമിയുടെ ഉടമസ്ഥാവകാശം പാട്ടക്കാർക്ക് നൽകിയതിന്റെ ഫലമായി എന്തു തുക ആനുവിറ്റിയായി ലഭിക്കുന്നുണ്ട് ;

(സി) ഭൂമിയുടെയും കാർഷികോൽപ്പന്നങ്ങളുടേയും വിലവർദ്ധന പരിഗണിച്ച് പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1207 ക്ഷേത്രങ്ങൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. ഇതിനായി കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യാനുള്ള ബില്ല് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വന്തമായി വെബ്സൈറ്റുള്ള ക്ഷേത്രങ്ങൾ

73 (1127) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേത്രങ്ങൾക്ക് സ്വന്തമായി വെബ്സൈറ്റുകളുണ്ട് ;

(ബി) പ്രസ്തുത വെബ്സൈറ്റുകൾ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തുള്ള ഏതെങ്കിലും ക്ഷേത്രത്തിന്റെ വെബ്സൈറ്റ് ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗുരുവായൂർ ക്ഷേത്രത്തിന്റെ പഴയ വെബ്സൈറ്റിലൂടെയും പുതിയ വെബ്സൈറ്റിലൂടെയും അശ്ലീല പ്രചാരങ്ങൾ നടത്തുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും പ്രസ്തുത അന്വേഷണം സൈബർ ക്രൈം സെല്ലിനെ ഏൽപ്പിക്കുമോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി വെബ്സൈറ്റുകളുള്ള ക്ഷേത്രങ്ങൾ താഴെ പറയുന്നവയാണ്.

1. പയ്യന്നൂർ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പയ്യന്നൂർ
2. ചെർപ്പുളശ്ശേരി അയ്യപ്പൻകാവ് ക്ഷേത്രം, ചെർപ്പുളശ്ശേരി.
3. ചൊവ്വ ശിവക്ഷേത്രം, ചൊവ്വ
4. തിരുനാവായ നവാമുകുന്ദ ക്ഷേത്രം തിരുനാവായ
5. തൃപ്രങ്ങോട് ദേവസ്വം, തൃപ്രങ്ങോട്
6. തളി ദേവസ്വം, തളി
7. ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ.

LIBRARY ARCHIVES Kerala Legislative Assembly